''ഭരണഭാഷ - മാതൃഭാഷ''

**വളരെ അടിയന്തിരം**

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/6661/16(2)

ചാക്ക, തിരുവനന്തപുരം
തീയതി: 03.08.2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 - പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ചതും ഹാൾടിക്കറ്റ് ലഭിച്ചതുമായ ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ നിന്ന് ലഭിച്ച റോൾ ലിസ്റ്റിൽ ഉൾപ്പെടാത്തത് - പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

---------

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2016 പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പിച്ചതും പോർട്ടലിൽ നിന്ന് ഹാൾടിക്കറ്റ് ലഭിച്ചതുമായ ട്രെയിനികളുടെ പേര് വിവരങ്ങൾ എം.ഐ.എസ്. പോർട്ടലിൽ നിന്ന് ലഭ്യമായ റോൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വിവിധ സ്ഥാപനമേധാവികൾ അറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ എം.ഐ.എസ്. പോർട്ടലിൽ നിന്ന് ലഭ്യമായ റോൾ ലിസ്റ്റ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് റോൾ ലിസ്റ്റിൽ ഉൾപ്പെടാത്ത ട്രെയിനികൾ ഉണ്ടെങ്കിൽ അവരുടെ വിശദ വിവരം പരീക്ഷ എഴുതുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയുമായി അതത് നോഡൽ പ്രിൻസിപ്പാൾമാർ പരിശോധിച്ച് 8/8/2016 ന് മുമ്പായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരീക്ഷ എഴുതുന്നതിന് അപേക്ഷകൾ സ്വീകരിച്ച ഗവ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തങ്ങളുടെ സ്ഥാപനത്തിലെ ട്രെയിനികളുടെ പേര് വിവരങ്ങൾ റോൾ നമ്പർ ലിസ്റ്റിൽ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും റോൾ ലിസ്റ്റിൽ ട്രെയിനികളുടെ പേര് വിവരങ്ങൾ ഇല്ലായെങ്കിൽ പോർട്ടലിൽ നിന്നും 'ഹാൾടിക്കറ്റ് എലിജിബിലിറ്റി ലിസ്റ്റ്' ഡൗൺലോഡ് ചെയ്ത് പരിശോധിച്ച് അതിൽ നിന്നും മനസിലാക്കി ഡി.ജി.റ്റി.യുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/04.08